## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4436** **25.06.2019 -ൽ മറുപടിയ്ക്ക്**

### വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ**<br>**ശ്രീ.ഇ.കെ.വിജയൻ**<br>**ശ്രീമതി സി.കെ. ആശ**<br>**ശ്രീ.മുഹമ്മദ് മുഹസിൻ പി.** | പ്രൊഫ : സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| എ) തകർന്ന കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾ, അനാഥരായ കുട്ടികൾ, മാതാപിതാക്കളാലും ബന്ധുക്കളാലും പീഡിപ്പിക്കപ്പെട്ട കുട്ടികൾ തുടങ്ങി പലകാരണങ്ങളാൽ പഠനത്തിൽ മികവ് പുലർത്താൻ കഴിയാത്ത വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുന്നുണ്ടോ; | എ) 'ശ്രദ്ധ ' എന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ട് .കുടുംബപരവും വ്യക്തിപരവുമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മഹിളാസമഖ്യാ, സാമൂഹിക ക്ഷേമവകുപ്പ്, ഐ.റ്റി.ഡി.പി. തുടങ്ങിയ സംവിധാനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. ഒപ്പം സമഗ്രശിക്ഷ കേരള നടപ്പിലാക്കുന്ന പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ എന്ന പരിപാടി ഈ പ്രശ്നത്തെ അഭിസംബോധന ചെയ്യുന്നുണ്ട്. |
| ബി) ഇത്തരം കുട്ടികളുടെ തെരഞ്ഞെടുപ്പ്, തെരഞ്ഞെടുപ്പിൽ ക്ലാസ്സ് ടീച്ചർ വഹിക്കുന്ന പങ്ക്, ഇവർക്കാവശ്യമായ വിദ്യാഭ്യാസം നല്കുന്നതിനുള്ള അദ്ധ്യാപകരുടെ പങ്ക് എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുമോ; | ബി) വിവിധ കാരണങ്ങളാൽ പഠനത്തിൽ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികളെ ക്ലാസ്സ് ടീച്ചറിന്റെ നേതൃത്വത്തിൽ പി.റ്റി.എ.യുടെ അംഗീകാരത്തോടെ കണ്ടെത്തുകയും ഇവർക്കാവശ്യമായ പഠനപിൻതുണ നൽകുകയും ചെയ്യുന്നു. ഓരോ സ്കൂളിലെയും ഒന്നോ രണ്ടോ അദ്ധ്യാപകർക്ക് 'ശ്രദ്ധ' പദ്ധതിയുടെ ചുമതല നൽകുകയും ഇത്തരം കുട്ടികൾക്ക് ആവശ്യമായ പഠന സഹായങ്ങൾ നൽകുകയും ചെയ്തുവരുന്നു. |
| സി) കുട്ടികളുടെ സാമൂഹ്യ സാമ്പത്തിക വൈകാരിക പ്രശ്നങ്ങൾ മനസ്സിലാക്കാനുള്ള കഴിവ് നേടാനുള്ള പ്രത്യേക പരിശീലനം അദ്ധ്യാപകർക്ക് നല്കുമോ; | സി) സാമൂഹ്യ സാമ്പത്തിക വൈകാരിക പ്രശ്നങ്ങൾ അനുഭവിക്കുന്ന കുട്ടികളെ കണ്ടെത്തുന്നതിനും അവരുടെ പ്രശ്നങ്ങൾ കണ്ടറിഞ്ഞു സഹായ മാർഗങ്ങൾ ലഭ്യമാക്കുന്നതിനുള്ള പരിശീലനവും പിൻതുണയും അദ്ധ്യാപകർക്കു നൽകുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ വർഷം അത് വ്യാപിപ്പിക്കും. |
| ഡി) ഇത്തരത്തിലുള്ള കുട്ടികൾക്ക് ക്ലാസ്സുകൾ നടത്തുന്ന സമയക്രമം സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കുമോ; | ഡി) സ്കൂൾ സമയം കഴിഞ്ഞുള്ള സമയത്തോ, ശനിയാഴ്ചകളിലോ കുട്ടികളുടെ താമസസ്ഥലത്തിനടുത്തുള്ള പൊതുസ്ഥലങ്ങളിലോ (ലൈബ്രറി, കമ്മ്യൂണിറ്റി ഹാളുകൾ എന്നിവ) ആണ് നടത്തുന്നത്. |
| ഇ) ഈ പദ്ധതിയുടെ പുരോഗതി കാലാകാലങ്ങളിൽ വിലയിരുത്തി തിരുത്തലുകൾ ആവശ്യമെങ്കിൽ വേണ്ട നടപടി സ്വീകരിക്കുമോ? | ഇ) പ്രവർത്തന പുരോഗതി യഥാസമയം വിലയിരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ